(viii) മൂസാനബി

ഇസ്‌ലാമിക പ്രബോധനത്തോടൊപ്പം ഒരു മർദക ഭരണത്തിൽനിന്ന് സ്വജനതയെ വിമോചിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകനാണ് മൂസാനബി. പൂർവ പ്രവാചകന്മാരിൽ മൂസാനബിയുടെ പ്രബോധന ചരിത്രമാണ് ഖുർആൻ ഏറ്റവും കൂടുതൽ പരാമർശിച്ചിട്ടുള്ളത്. ഇബ്‌റാഹീം നബിയുടെ പൗത്രനായ യഅ്ഖൂബ്നബിയിൽനിന്ന് രൂപംകൊണ്ട ഇസ്‌റാഈൽ വംശത്തിലായിരുന്നു മൂസായുടെ ജനനം. ഫിലസ്ത്വീൻ വംശജരായ ഇസ്‌റാഈല്യർ യൂസുഫ്നബിയുടെ കാലത്ത് ഈജിപ്തിലേക്ക് കുടിയേറിയിരുന്നു. അതിനാൽ മൂസാനബിയുടെ ജന്മദേശവും പ്രബോധനത്തിന്റെ പ്രഥമ തട്ടകവും ഈജിപ്തായിരുന്നു. ഈജിപ്ത് ഭരിച്ചിരുന്ന, വർഗീയ വൈരം ബാധിച്ച കോപ്റ്റിക് ഭരണാധികാരികൾ ഇസ്‌റാഈല്യരെ കഠിനമായി പീഡിപ്പിക്കുന്ന കാലത്താണ് മൂസാനബി ജനിക്കുന്നത്. വിദേശികളും പുഷ്കലമായ ഒരു നാഗരികതയുടെയും സംസ്കാരത്തിന്റെയും പൈതൃകം പേറുന്നവരുമായ ഇസ്‌റാഈല്യർ ഭാവിയിൽ തങ്ങളുടെ അധികാരത്തിന് ഭീഷണിയായിത്തീരുമോ എന്ന ഭയമായിരുന്നു അവരെ പീഡിപ്പിക്കാൻ കോപ്റ്റിക് ഭരണാധികാരികളെ പ്രേരിപ്പിച്ചത്. മൂസാനബിയുടെ ജനനകാലത്തെ ഫറോവ കിരാതനും ക്രൂരനുമായിരുന്നു. ഇസ്‌റാഈല്യരിൽ ജനിക്കുന്ന ആൺകുട്ടികളെയെല്ലാം കൊന്നുകളയാൻ അദ്ദേഹം കല്പിക്കുകയുണ്ടായി. അവരിൽനിന്ന് വല്ല വിപ്ലവകാരിയും വളർന്നുവന്ന് തന്റെ ആധിപത്യത്തിന് ഭീഷണിയായിത്തീരുമോ എന്ന ഭയമായിരുന്നു അയാളെ ഈ നിഷ്ഠുര കൃത്യത്തിന് പ്രേരിപ്പിച്ചത്. ഫറോവയുടെ മർദക ഭരണത്തെ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു: ''ഫിർഔൻ ഭൂമിയിൽ ഔന്നത്യം കാണിച്ചു. അവിടത്തെ നിവാസികളെ അവൻ ഭിന്നിപ്പിച്ചു വിവിധ കക്ഷികളാക്കി. എന്നിട്ട് ഒരു വിഭാഗത്തെ മർദിച്ചുകൊണ്ടിരുന്നു. അവരുടെ പുരുഷ സന്താനങ്ങളെ അറുകൊല ചെയ്യുകയും സ്ത്രീകളെ നിന്ദ്യരായി ജീവിക്കാൻ വിടുകയും ചെയ്തു. അവൻ മഹാ നാശകാരികളിൽ പെട്ടവനായിരുന്നു.''(അൽഖസ്വസ്വ് 4)

പ്രയാസപൂർണമായ ഈ ചുറ്റുപാടിൽനിന്ന് സ്വജനതയെ രക്ഷിക്കുകയും അവരുടെ ആധിപത്യം വീണ്ടെടുത്തു കൊടുക്കുകയും അതോടൊപ്പം മർദകനായ ഭരണാധികാരിയെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുകയുമായിരുന്നു മൂസാനബിയുടെ മുഖ്യ ദൗത്യം. ഫിർഔനെ സത്യത്തിലേക്കും സന്മാർഗത്തിലേക്കും ക്ഷണിക്കുക എന്ന ദൗത്യമാണ് സ്വാഭാവികമായും മൂസാനബി ആദ്യം ഏറ്റെടുത്തത്. ത്വൂർ പർവതത്തിന്റെ പ്രാന്തപ്രദേശത്തുവെച്ച് ദൈവദൂതനായി നിയോഗിതനായ മൂസായോട് അല്ലാഹു ആദ്യമായി ആജ്ഞാപിച്ചതും ഫറോവയെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യാനാണ്. ''നീയും നിന്റെ സഹോദരനും ചേർന്ന് എന്റെ ദൃഷ്ടാന്തങ്ങളുമായി പോവുക. എന്നെ സ്മരിക്കുന്നതിൽ നിങ്ങളിരുവരും വീഴ്ച വരുത്തരുത്. നിങ്ങളിരുവരും ഫിർഔന്റെ അടുത്തേക്ക് പോവുക. അവൻ ധിക്കാരിയായിരിക്കുന്നു. അവനോട് സൗമ്യമായി വാക്കുകൾ പറയുക. ഒരുവേള അവൻ ആലോചിക്കുകയോ ഭയപ്പെടുകയോ ചെയ്തേക്കാം.''(ത്വാഹാ 42-44)

ഫിർഔനോട് സൗമ്യമായി പ്രബോധനം നടത്തിയ ശേഷം ഇസ്‌റാഈല്യരുടെ വംശ നശീകരണം അവസാനിപ്പിക്കണമെന്നും അവരെ തന്നോടൊപ്പം വിട്ടുതരണമെന്നും കൂടി മൂസാ ആവശ്യപ്പെട്ടു. ''മൂസാ പറഞ്ഞു: ഫിർഔൻ! പ്രപഞ്ചനാഥനിൽനിന്നുള്ള ദൂതനാണ് ഞാൻ. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാതൊന്നും പറയാതിരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. നിങ്ങളുടെ നാഥങ്കൽനിന്നുള്ള സുവ്യക്തമായ ദൃഷ്ടാന്തവുമായാണ് ഞാൻ നിങ്ങളിലേക്ക് വന്നിരിക്കുന്നത്. അതിനാൽ ഇസ്‌റാഈൽ മക്കളെ എന്റെ കൂടെ വിട്ടു തരിക'' (അൽഅഅ്റാഫ് 104-105)

മൂസാനബി ദൈവിക സന്ദേശം ഫിർഔന്റെ മുമ്പിൽ വെച്ചതോടെ സ്വാഭാവികമായും അദ്ദേഹം പൊട്ടിത്തെറിച്ചു. ജനങ്ങളുടെ ഇലാഹ് താനാണെന്നായിരുന്നു ഫിർഔന്റെ നിലപാട്. അതിനാൽ താനല്ലാത്ത മറ്റൊരു ദൈവത്തിന്റെ സന്ദേശവുമായി രാജധാനിയിൽ കടക്കാൻ ധൈര്യം കാണിച്ച മൂസായെ ഫിർഔൻ ഭ്രാന്തനെന്ന് മുദ്രകുത്തുകയും കാരാഗൃഹത്തിലടക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. അപ്പോൾ തനിക്ക് ദൈവം നല്കിയ രണ്ട് അമാനുഷിക ദൃഷ്ടാന്തങ്ങൾ മൂസാ രാജസന്നിധിയിൽ പ്രദർശിപ്പിച്ചു. നിലത്തിട്ടാൽ സർപ്പമായി മാറുന്ന വടിയും കക്ഷത്തിൽ നിന്നെടുക്കുമ്പോൾ പ്രകാശ പൂരിതമാകുന്ന കരങ്ങളുമായിരുന്നു ആ അദ്ഭുത ദൃഷ്ടാന്തങ്ങൾ. ഈ അമാനുഷിക ദൃഷ്ടാന്തത്തെ ഖുർആൻ വർണിക്കുന്നത് കാണുക: ''മൂസാ തന്റെ വടിയെറിഞ്ഞ ഉടനെയതാ അത് ശരിക്കും സർപ്പമായി മാറുന്നു. അനന്തരം അദ്ദേഹം തന്റെ കൈ കക്ഷത്തിൽനിന്ന് പുറത്തെടുത്തു. അപ്പോഴതാ കാഴ്ചക്കാരൊക്കെയും അത് തിളങ്ങുന്നതായി കാണുന്നു.''(അശ്ശുഅറാഅ് 32-33)

ഈ ദൃഷ്ടാന്തങ്ങൾ കണ്ടപ്പോൾ തുടക്കത്തിൽ പതറിപ്പോയ ഫിർഔനും കിങ്കരന്മാരും പെട്ടെന്നു തന്നെ പരിസരബോധം വീണ്ടെടുക്കുകയും മൂസായെ വലിയ ആഭിചാരക്കാരനായി മുദ്രയടിക്കുകയും ആഭിചാര വൃത്തിയിൽ അദ്ദേഹവുമായി മത്സരിക്കുവാൻ രാജ്യത്തുള്ള മുഴുവൻ ആഭിചാരക്കാരെയും അണിനിരത്തുകയും ചെയ്തു. അങ്ങനെ മുൻ നിശ്ചയപ്രകാരം രാജാവും കിങ്കരൻമാരും ബഹുജനങ്ങളും അണിനിരന്ന ഒരു പൊതുവേദിയിൽവെച്ച് ആഭിചാരകരും മൂസായും തമ്മിൽ നടന്ന ബലപരീക്ഷണത്തിൽ മൂസാ വിജയിച്ചതോടെ ഭൂരിപക്ഷം ആഭിചാരകരും മൂസാനബിയുടെ പ്രബോധനം സ്വീകരിച്ചു. ''ആഭിചാരകന്മാർ വേദിയിലെത്തിയപ്പോൾ അവർ ഫറോവയോട് പറഞ്ഞു: 'ജയിച്ചാൽ ഞങ്ങൾക്ക് പാരിതോഷികം ഉറപ്പാണല്ലോ?' ഫറോവ മറുപടി കൊടുത്തു: അതേ, അന്നേരം നിങ്ങൾ ഉറ്റവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാകുന്നു.' മൂസാ അവരോട് പറഞ്ഞു: 'നിങ്ങൾക്ക് എറിയാനുള്ളത് എറിയുക.' അവർ ഉടനെ തങ്ങളുടെ കയറുകളും വടികളും എറിഞ്ഞു. അവർ പ്രഖ്യാപിച്ചു: 'ഫറോവയുടെ മഹത്ത്വത്താൽ തീർച്ചയായും ഞങ്ങൾ തന്നെ വിജയിക്കും.' പിന്നീട് മൂസാ തന്റെ വടി താഴെയിട്ടു. ഉടനെയതാ അത് അവരുടെ വ്യാജ നിർമിതികളെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. അതോടെ ആഭിചാരകന്മാരഖിലവും സ്വയമറിയാതെ സാഷ്ടാംഗ പ്രണാമത്തിൽ വീണു. അവർ പ്രഖ്യാപിച്ചു: 'ഞങ്ങൾ ലോകനാഥനിൽ-മൂസായുടെയും ഹാറൂനിന്റെയും നാഥനിൽ- വിശ്വസിച്ചിരിക്കുന്നു.''(അശ്ശുഅറാഅ് 41-48).

തന്റെ അനുവാദത്തിന് കാത്തുനില്ക്കാതെ മൂസായുടെ പ്രബോധനം സ്വീകരിച്ച ആഭിചാരകൻമാരെ കുരിശിലേറ്റുമെന്ന് ഫിർഔൻ ഭീഷണി മുഴക്കിയെങ്കിലും അവർ ആ ഭീഷണിയെ പുച്ഛിച്ചു തള്ളുകയാണുണ്ടായത്. ഒടുവിൽ സമനില തെറ്റിയ ഫിർഔൻ മൂസായെ വധിക്കാൻ വരെ ഗൂഢാലോചന നടത്തിയെങ്കിലും ആ ഗൂഢാലോചനയും ഫിർഔന്റെ സ്വന്തം അണികളിൽ പിളർപ്പ് സൃഷ്ടിക്കപ്പെടുന്നതിലും അവരിൽ ഒട്ടേറെ പേർ ഇസ്‌ലാം സ്വീകരിക്കുന്നതിലുമാണ് കലാശിച്ചത്. ഒടുവിൽ ദൈവഹിതപ്രകാരം ഫിർഔനും കൂട്ടാളികളും ചെങ്കടലിൽ മുങ്ങി നശിക്കുകയും ഇസ്‌റാഈൽ ജനത മൂസായോടൊപ്പം ചെങ്കടൽ മുറിച്ചുകടന്ന് വാഗ്ദത്ത ഭൂമിയിലേക്ക് പ്രയാണമാരംഭിക്കുകയും ചെയ്തു. അതോടെയാണ് മൂസാനബിയുടെ പ്രബോധനത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. പ്രസ്തുത ഘട്ടത്തിൽ പ്രബോധനം കേന്ദ്രീകരിച്ചത് സ്വസമുദായമായ ഇസ്‌റാഈല്യരിലാണ്. ദീർഘകാലത്തെ അടിമത്തവും അവിശ്വാസികളുമായുള്ള സഹവാസവും കാരണം വിശ്വാസപരമായും ധാർമികമായും സാംസ്കാരികമായും ഒട്ടേറെ ജീർണതകൾ ഇസ്‌റാഈല്യരെ ബാധിച്ചിരുന്നു. ഈജിപ്തിൽവെച്ച് സ്വന്തം ജനതയുടെ രാഷ്ട്രീയ വിമോചനത്തിന് പരമപ്രാധാന്യം നല്കിയ മൂസാനബിക്ക് അവരുടെ സംസ്കരണത്തിൽ ശ്രദ്ധിക്കാൻ വേണ്ടത്ര സമയം ലഭിച്ചിരുന്നില്ല. എന്നാൽ അവരുടെ രാഷ്ട്രീയ വിമോചനം ഒരു യാഥാർഥ്യമായിത്തീർന്നതോടെ മൂസാനബിയുടെ മുഴുവൻ ശ്രദ്ധയും ഇസ്‌റാഈല്യരുടെ സംസ്കരണത്തിലായിത്തീർന്നു. ഈജിപ്ത് വിട്ടതിന് ശേഷം ഏകദേശം 40 വർഷം മൂസാനബി പ്രബോധന പ്രവർത്തനങ്ങളുമായി സ്വന്തം ജനതക്കിടയിൽ താമസിച്ചു. അതിനിടയിൽ സ്വസമുദായത്തിന്റെ എണ്ണമറ്റ ദുഷ്ചെയ്തികളെയും ധിക്കാരങ്ങളെയും അദ്ദേഹം ക്ഷമാപൂർവം ഗുണദോഷിച്ചു. ദൈവിക ദീനിന്റെ യഥാർഥ വാഹകരായി മാറാനും തങ്ങളുടെ പൈതൃക ഭൂമിയായ ഫിലസ്ത്വീൻ വിമോചിപ്പിച്ച് സ്വന്തമാക്കാനും അവരെ പ്രോത്സാഹിപ്പിച്ചു. ദൈവിക നിയമവ്യവസ്ഥയുടെ വിശദാംശങ്ങൾ അടങ്ങുന്ന വേദഗ്രന്ഥം മൂസാനബി ഇസ്‌റാഈല്യർക്ക് നല്കിയതും ഈ രണ്ടാം ഘട്ടത്തിലാണ്.